(ബി) സംസ്ഥാനത്ത് അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കുന്നതിനുവേണ്ടി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴിമതിക്കെതിരായ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി 2004 നവംബർ 5-ാം തീയതി പൊതുജനങ്ങളെയും മറ്റു സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മേധാവികളെയും വിജിലൻസ് ഓഫീസർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, വിജിലൻസ് ബോധവൽക്കരണ വാരാചരണത്തിന്റെ ഭാഗമായി ദൂരദർശനിൽ അഴിമതി നിവാരണ മാർഗ്ഗങ്ങളെപ്പറ്റി ഒരു ചർച്ച സംഘടിപ്പിക്കുകയും അത് ദൂരദർശൻ ഒന്നിൽ കൂടുതൽ തവണ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടുതൽ വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ തുടർന്നു നടത്തുന്നതാണ്. കൂടുതൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ അനുവദിച്ച തുകയിൽ അഴിമതി നടത്തിയത് സംബന്ധിച്ച വിജിലൻസ് അന്വേഷണം

45 [128] *ശ്രീ. സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണ്ഡരി രോഗ നിവാരണത്തിനും പ്രതിരോധത്തിനുമായി സർക്കാർ അനുവദിച്ച തുക ഉപയോഗിക്കുന്നതിൽ അഴിമതി നടത്തിയതായി പാലക്കാട് ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകളുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതു സംബന്ധിച്ച് പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളുടെ പേരിൽ വിജിലൻസ് അന്വേഷണം ഒന്നും നിലവിലില്ല. എന്നാൽ പാലക്കാട് ജില്ലയിൽ വല്ലപ്പുഴ കൃഷിഭവൻ മുഖേന മണ്ഡരിക്ക് മരുന്നുതളി നടത്തിയതിൽ അഴിമതിയും പണാപഹരണവും നടത്തി എന്നുള്ള ആരോപണത്തിൻമേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

ഗവൺമെന്റ് പ്രസ്സുകളിലെ പർച്ചേസ് സംബന്ധിച്ച അന്വേഷണം

46 [130] *ശ്രീ. കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലേക്ക് കഴിഞ്ഞ 8 വർഷമായി നടത്തിയ പർച്ചേസിംഗിനെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിൻമേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അന്വേഷണം സംബന്ധിച്ച് എന്തെല്ലാം നടപടികളെടുത്തു എന്ന് വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ജി) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗും അക്കൗണ്ടന്റ് ജനറലും നടത്തിയ അന്വേഷണത്തിൽ അവർ നൽകിയ റിപ്പോർട്ട് പ്രകാരം, പർച്ചേസിംഗിൽ ക്രമക്കേടും അഴിമതിയും നടത്തിയ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ പങ്ക് എന്തെന്ന് വിശദമാക്കാമോ;

(എച്ച്) പ്രസ്തുത ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യാൻ എത്ര കാലമുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഐ) ഈ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുന്നതിനു മുൻപ് വിജിലൻസ് അന്വേഷണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? .

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു രഹസ്യാന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) 15-7-2004-ലെ സർക്കാർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ഡി)---(എഫ്) സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) & (എച്ച്) വിവരം ശേഖരിച്ചുവരുന്നു.

(ഐ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly